സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

പൊതുസ്ഥലംമാറ്റ മാനദണ്ഡം - ശബരിമല ദേവസ്വത്തിലെ ക്ഷേത്ര ജീവനക്കാരുടെ സേവന കാലാവധി ഒരു വർഷമായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ.9345/17/മിസ്.1 നന്തൻകോട് , 20/06/2017.

---

പരാമർശം : ദേവസ്വം കമ്മീഷണറുടെ 06.062016 ലെ ആർ.ഒ.സി.15/17/മിസ്.എ നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാരുടെ നിലവിലുള്ള പൊതുസ്ഥലംമാറ്റ മാനദണ്ഡം അനുസരിച്ച് ശബരിമലയിലെ ക്ഷേത്ര ജീവനക്കാരുടെ സേവന കാലാവധി രണ്ടു വർഷമാണെന്നും ആയത് ഒരു വർഷമായി കുറയ്ക്കേണ്ടത് അനിവാര്യമാണെന്നും പല ക്ഷേത്ര ജീവനക്കാർക്കും ശബരിമലയിൽ സേവനം ചെയ്യാനുള്ള അവസരം ലഭിക്കുന്നില്ലായെന്നും, സേവന കാലാവധി ഒരു വർഷമായി നിജപ്പെടുത്തിയാൽ കൂടുതൽ ക്ഷേത്രജീവനക്കാർക്ക് ശബരിമലയിൽ സേവനം ചെയ്യാനുള്ള അവസരം ലഭിക്കുമെന്നും മേൽ സാഹചര്യങ്ങളിൽ ശബരിമലയിൽ ജോലി ചെയ്യുന്ന ക്ഷേത്ര ജീവനക്കാരുടെ കാലാവധി ഒരു വർഷമായി നിശ്ചയിച്ച് ഉത്തരവുണ്ടാകണമെന്ന് വിവരിച്ച് ദേവസ്വം കമ്മീഷണറുടെ മേൽ പരാമർശ റിപ്പോർട്ട് ലഭിച്ചു.

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ബോർഡ് വിശദമായി ചർച്ച ചെയ്ത ശേഷം, ശബരിമലയിൽ ജോലി ചെയ്യുന്ന ക്ഷേത്ര ജീവനക്കാരുടെ സേവന കാലാവധി ഒരു വർഷമായി നിശ്ചയിച്ച് ഉത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**
അസിസ്റ്റന്റ് സെക്രട്ടറി ശബരിമല സെൽ
ഇൻ അഡീഷണൽ ചാർജ്

പകർപ്പ് :

1) എല്ലാ ആഫീസ് മേധാവികൾക്കും
2) ഇ.ഡി.പി സെക്ഷൻ
3) സെക്ഷൻ ഫയൽ 4) ഫയൽ ബുക്ക് 5) ഫെയർ ആഫീസ് കോപ്പി

NB

അംഗീകാരത്തോടെ
അസിസ്റ്റന്റ് സെക്രട്ടറി